(ബി) വെള്ളിനേഴി ജി. എച്ച്. എസ്. എസ്.ന്റെ അപേക്ഷ കായിക യുവജനകാര്യ ഡയറക്ടർക്ക് ലഭിച്ചു. എന്നാൽ നിവേദനത്തോടൊപ്പം മതിയായ രേഖകൾ സമർപ്പിക്കാതിരുന്നതു കാരണം ഇതുവരെ ഗ്രാന്റ് അനുവദിച്ചിട്ടില്ല.

സ്പോർട്സ് ബില്ലും കായികതാരങ്ങൾക്കുള്ള സർക്കാർ ജോലിയും

166 [1105] *ശ്രീ. എ. സി. ഷൺമുഖദാസ്:*
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു:
„ കെ. പി. മോഹനൻ:
ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമസഭ പാസ്സാക്കിയ സ്പോർട്സ് ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനാവശ്യമായ റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ജോലി ലഭിച്ചിട്ടുള്ള കായികതാരങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ) & (ബി) ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. റൂൾസിന്റെ കരട് തയ്യാറാക്കി നിയമവകുപ്പിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

(സി) (i) 27-6-2005-ലെ ജി. ഒ. (എംഎസ്.) നം. 216/05/ജി. എ. ഡി. ഉത്തരവു പ്രകാരം 84 പേർക്ക് സ്പോർട്സ് കാറ്റഗറിയിൽ നിയമനം നൽകി. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ii) കഴിഞ്ഞ സർക്കാരിന്റെകാലത്ത് നിയമനം നൽകിയിട്ടും ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കാതിരുന്നതിനാൽ നികത്തപ്പെടാത്ത ആറ് ഒഴിവുകളിലേക്ക് താഴെപ്പറയുന്നവരെ നിയമിച്ചു:

1. ശ്രീമതി. ജെ. ജെസ്സി
2. „ എസ്. എൽ. മിനി
3. ശ്രീ. എൻ. പി. സാന്റി
4. „ ജി. ബി. രാജേഷ്
5. „ എൽ. വിനോദ് കുമാർ
6. ശ്രീമതി മായാ ജോർജ്ജ്

(iii) സന്തോഷ് ട്രോഫി ജേതാക്കളായ നാല് പേർക്കും ദേശീയവനിതാ വോളിബോൾ മത്സരം ജയിച്ച കേരള ടീമിലെ 5 പേർക്കും കെ.എസ്.ഇ.ബി. യിൽ ജോലി നൽകിയിട്ടുണ്ട്.

കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ തൊഴിൽ

167 [1106] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ തൊഴിൽ നൽകുന്നതിനായി അപേക്ഷ ക്ഷണിച്ചുവോ; എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നിയമനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കുമോ;

(സി) എത്ര അപേക്ഷകർക്ക് നിയമനം നൽകി; ഇവർ ആരെല്ലാമെന്നും ഇവരുടെ സ്പോർട്സ് മേഖലയിലെ മികവ്, വിദ്യാഭ്യാസ യോഗ്യത, നിയമനം നൽകിയിട്ടുള്ള വകുപ്പ്/സ്ഥാപനം എന്നീ വിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) അപേക്ഷ ക്ഷണിച്ചിരുന്നു. നിശ്ചിത സമയത്തിനുള്ളിൽ 1478 അപേക്ഷകൾ ലഭിച്ചു.

(ബി) നിയമനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ 23-12-2003-ലെ 54735/എസ്.ഡി.1/03/പൊ.ഭ.വ. നമ്പർ വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസക്തഭാഗം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.†

(സി)

(i) ഇതിൽ 84 പേർക്ക് നിയമനാംഗീകാരം നൽകിക്കൊണ്ട് 27-6-2005-ൽ ജി.ഒ.(എംഎസ്.)216/05/ജി.എ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ii) ഇവർ ആരെല്ലാമെന്നും ഇവർക്ക് നിയമനം നൽകിയിട്ടുള്ള വകുപ്പ്/സ്ഥാപനം എന്നീ വിവരങ്ങൾ അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്. †

(iii) ഓരോ ഉദ്യോഗാർത്ഥിയുടെയും സ്പോർട്സ് രംഗത്തെ മികവ്, 23-12-2003-ലെ വിജ്ഞാപനത്തിലെ അനുബന്ധം 4-ൽ പറഞ്ഞിട്ടുള്ള പ്രയോറിറ്റിയുടെ അടിസ്ഥാനത്തിൽ 1-2-2005-ലെ ജി. ഒ. (ആർറ്റി.) നം. 859/05 പൊ.ഭ.വ. വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുള്ളത് അനുബന്ധം 3-ൽ കാണാവുന്നതാണ്.†

(iv) നിയമനം ലഭിച്ചവരുടെ വിദ്യാഭ്യാസ യോഗ്യത —രണ്ടാം ഗ്രേഡ് അസിസ്റ്റന്റുമാരായി നിയമനം ലഭിച്ചവർ ബിരുദധാരികളും ഹൈസ്കൂൾ അസിസ്റ്റന്റായി നിയമനം ലഭിച്ചവർ ബിരുദവും ബി. എഡ്. ഉം ഉള്ളവരും ലോവർ ഡിവിഷൻ ക്ലാർക്കായി നിയമനം ലഭിച്ചവർ എസ്. എസ്. എൽ. സി. പാസ്സായവരും പ്യൂണായി നിയമനം ലഭിച്ചവർ എസ്. എസ്. എൽ. സി. പാസ്സാകാത്തവരുമാണ്.

(v) ഇതിനുപുറമെ സന്തോഷ് ട്രോഫി ജേതാക്കളായ 4 പേർക്കും ദേശീയ വനിതാ വോളിബോൾ മത്സരവിജയികളായ കേരളാ ടീമിലെ 5 പേർക്കും കെ. എസ്. ഇ. ബി. യിൽ ജോലി നൽകിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly